ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.02.2025** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. പ്രധാനമന്ത്രി നരേന്ദ്രമോദിയും അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപും വൈറ്റ്ഹൗസിൽ കൂടിക്കാഴ്ച നടത്തി.

   **Narendra Modi held bilateral talks with US President Donald Trump at the White House in Washington DC.**

2. ഇന്ത്യ -യു.എസ് പങ്കാളിത്തവും സഹകരണവും മികച്ച ലോകത്തെ രൂപപ്പെടുത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്ത്യയുമായി ഊർജ സഹകരണം ശക്തിപ്പെടുത്തുമെന്ന് ഡോണൾഡ് ട്രംപ്.

   **Prime Minister Narendra Modi says India-US partnership and cooperation will shape a better world. Donald Trump says energy cooperation with India will be strengthened.**

3. മണിപ്പൂരിൽ രാഷ്ട്രപതി ഭരണം. സംസ്ഥാന നിയമസഭ താൽക്കാലികമായി സസ്പെൻറ് ചെയ്തു.

   **President's rule imposed in Manipur days after resignation of Chief Minister N Biren Singh.**

4. കോഴിക്കോട് കൊയിലാണ്ടിയിൽ ഉത്സവത്തിനിടെ ആന ഇടഞ്ഞ് മൂന്നു മരണം. ഏഴു പേരുടെ നില ഗുരുതരം.

അനുശോചനം രേഖപ്പെടുത്തി മുഖ്യമന്ത്രി പിണറായി വിജയൻ.

**Three killed in Kerala as two elephants run amok during temple festival at Koyilandy. Seven people are in critical condition. Chief Minister Pinarayi Vijayan expressed condolences.**

5. കശ്മീരിലെ പുൽവാമയിൽ 40 സി.ആർ.പി.എഫ് സേനാംഗങ്ങൾ രക്തസാക്ഷിത്വം വരിച്ചിട്ട് ഇന്ന് ആറു വർഷം.

**Today marks six years since 40 CRPF personnel were martyred in Pulwama.**

6. 38-ാമത് ദേശീയ ഗെയിംസിന്റെ സമാപന സമ്മേളനം ഇന്ന്. സർവ്വീസസ് ഒന്നാം സ്ഥാനത്ത്.

**Closing ceremony of 38th National Games in Haldwani today.**

************************************

## PM US VISIT (INTRO)

ഇന്ത്യയും യുഎസും തമ്മിലുള്ള പങ്കാളിത്തവും സഹകരണവും മികച്ച ലോകത്തെ രൂപപ്പെടുത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. വൈറ്റ്ഹൗസിൽ യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപുമായി കൂടിക്കാഴ്ച നടത്തിയ ശേഷം സംയുക്ത വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി നേരന്ദ്രമോദി. 2030 ആകുമ്പോഴേക്കും ഇന്ത്യയും യുഎസും 5000 കോടി ഡോളറിന്റെ ഉഭയകക്ഷി വ്യാപാരം ലക്ഷ്യമിടുന്നതായും പ്രധാനമന്ത്രി പറഞ്ഞു. യു.എസ് പ്രസിഡന്റ്

തിരഞ്ഞെടുപ്പിലെ ചരിത്രപരവുമായ വിജയത്തിന് പ്രസിഡന്റ് ട്രംപിനെ പ്രധാനമന്ത്രി അഭിനന്ദിച്ചു.

( ഹോൾഡ് വോയിസ് പി എം )

ഇത് യുദ്ധത്തിന്റെ യുഗമല്ല, നയതന്ത്രത്തിലൂടെ പ്രശ്നങ്ങൾ പരിഹരിക്കണം. റഷ്യ - യുക്രൈൻ വിഷയത്തിൽ സമാധാനം പുനഃസ്ഥാപിക്കാൻ പ്രസിഡന്റ് ട്രംപ് മുൻകൈയെടുത്തതിൽ പ്രധാനമന്ത്രി സന്തോഷം പ്രകടിപ്പിച്ചു. ഈ വിഷയത്തിൽ ഇന്ത്യ നിഷ്പക്ഷ രാജ്യമാണെന്ന് ലോകം കരുതുന്നു. എന്നാൽ ഇന്ത്യ നിഷ്പക്ഷമല്ല, മറിച്ച് സമാധാനത്തിന്റെ പക്ഷത്താണെന്നും പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യയും - യു.എസ്സും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം തുടരുന്നതിലുള്ള പ്രതിബദ്ധത ഇരുനേതാക്കളും ആവർത്തിച്ചു.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ദീർഘകാലമായുള്ള സൗഹൃദമാണുള്ളതെന്നും ശ്രീ മോദി മികച്ച നേതാവാണെന്നും ഡോണാൾഡ് ട്രംപ് പറഞ്ഞു. ഇന്ത്യയുമായി ഊർജ്ജ സഹകരണം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച കരാർ പ്രഖ്യാപിച്ച ട്രംപ് ഇന്ത്യയ്ക്ക് എണ്ണയും പ്രകൃതിവാതകവും നൽകുന്ന മുൻനിര വിതരണക്കാരാകുക എന്നതാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ് ട്രംപ് )

ഡോണാൾഡ് ട്രംപ് രണ്ടാമത് പ്രസിഡന്റ് ആയശേഷമുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആദ്യ യു.എസ് സന്ദർശനമാണിത്.

************************************

## PM-US NSA - VIVEK RAMASWAMY

അമേരിക്ക സന്ദർശിക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി യു.എസ് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് മൈക്കൽ വാൾട്ട്സുമായി കൂടിക്കാഴ്ച നടത്തി. നിർമിത ബുദ്ധി, അർധചാലകം, ബഹിരാകാശം തുടങ്ങിയ മേഖലകളിൽ ഇരു രാജ്യങ്ങളുടെയും സഹകരണത്തിന് ശക്തമായ സാധ്യതകളുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. അമേരിക്ക എല്ലായ്പ്പോഴും ഇന്ത്യയുടെ മികച്ച സുഹൃത്തായിരിക്കുമെന്ന് കൂടിക്കാഴ്ചയ്ക്ക് ശേഷം വാൾട്ട്സ് സമൂഹമാധ്യമത്തിൽ കുറിച്ചു. ഇന്ത്യൻ-അമേരിക്കൻ സംരംഭകനും റിപ്പബ്ലിക്കൻ പാർടി നേതാവുമായ വിവേക് രാമസ്വാമിയുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി.

***********************************

## MANIPUR-PREZ RULE

മണിപ്പൂരിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തി. മുഖ്യമന്ത്രി എൻ ബിരേൻ സിംഗ് രാജിച്ചതിന്റെ പശ്ചാത്തലത്തിലാണ് രാഷ്ട്രപതി ഭരണം ഏർപ്പെടുത്തിയത്. മണിപ്പൂർ ഗവർണറിൽ നിന്ന് രാഷ്ട്രപതിക്ക് ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടിയെന്ന് ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ പറയുന്നു. സംസ്ഥാന നിയമസഭ താൽക്കാലികമായി സസ്പെൻഡ് ചെയ്തു.

***********************************

## PREZ KARNATAKA JHARKHAND

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് കർണാടക സന്ദർശിക്കും. ബെംഗളൂരുവിൽ ആർട്ട് ഓഫ് ലിവിംഗ് സംഘടിപ്പിക്കുന്ന പത്താമത് അന്താരാഷ്ട്ര വനിതാ സമ്മേളനത്തിൻറെ ഉദ്ഘാടന ചടങ്ങിൽ ശ്രീമതി മുർമു പങ്കെടുക്കും.

**********************************

## PARLIAMENT

ബജറ്റ് സമ്മേളനത്തിന്റെ ആദ്യ പാദം പൂർത്തിയാക്കി - പാർലമെന്റിന്റെ ഇരുസഭകളും ഇന്നലെ പിരിഞ്ഞു. അടുത്തമാസം 10 ന് സഭ വീണ്ടും ചേരും.

**********************************

## INCOME TAX BILL

ആദായനികുതി ബിൽ 2025 ധനമന്ത്രി നിർമല സീതാരാമൻ ലോക്സഭയിൽ അവതരിപ്പിച്ചു. ആദായനികുതിയുമായി ബന്ധപ്പെട്ട നിയമം ഏകീകരിക്കാനും ഭേദഗതി ചെയ്യാനും ലക്ഷ്യമിടുന്നതാണ് ബിൽ.

**********************************

## KOZHIKODE ELEPHANT ATTACK

കോഴിക്കോട് കൊയിലാണ്ടിയിൽ ഉത്സവത്തിനിടെ ആനയിടഞ്ഞുണ്ടായ അപകടത്തിൽ മൂന്ന് മരണം. വടകര സ്വദേശി രാജൻ, കുറവങ്ങാട് സ്വദേശികളായ അമ്മുക്കുട്ടി, ലീല എന്നിവരാണ് മരിച്ചത്. 30 ഓളം പേർക്ക് പരിക്കേറ്റു. ഏഴു പേരുടെ നില ഗുരുതരമാണെന്നാണ് വിവരം. കുറുവങ്ങാട് മണക്കുളങ്ങര ക്ഷേത്രത്തിൽ എഴുന്നള്ളിപ്പിന് എത്തിച്ച ആനകളിൽ ഒന്ന് മറ്റൊന്നിനെ കുത്തുകയായിരുന്നു. ആനകളെ പിന്നീട് തളച്ചു. സംഭവത്തിൽ മുഖ്യമന്ത്രി അനുശോചനം രേഖപ്പെടുത്തി.

അടിയന്തിര റിപ്പോർട്ട് നൽകാൻ മന്ത്രി എ.കെ ശശീന്ദ്രൻ ജില്ലാ കലക്ടർക്കും ഉത്തരമേഖല ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കും നിർദേശം നൽകി. പരിക്കേറ്റവർക്ക് വിദഗ്ധ ചികിത്സ ഉറപ്പാക്കാൻ കൊയിലാണ്ടി താലൂക്ക് ആശുപത്രിയിലും കോഴിക്കോട് മെഡിക്കൽ കോളേജിലും പ്രത്യേക ക്രമീകരണം ഒരുക്കിയതായി മന്ത്രി വീണാ

ജോർജ് അറിയിച്ചു. കൊയിലാണ്ടി നഗരസഭയിലെ 9 വാർഡുകളിൽ ഇന്ന് ഹർത്താലിന് ആഹ്വാനമുണ്ട്.

**********************************

## DIGITAL RESURVEY (INTRO)

എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ ആരംഭിച്ച ഡിജിറ്റൽ സർവെ മൂന്നാംഘട്ടത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് കൊല്ലം ചിറക്കരയിൽ മന്ത്രി കെ.രാജൻ നിർവഹിക്കും.

വിശദാംശങ്ങളുമായി ആകശവാണി കൊല്ലം ജില്ലാ പ്രതിനിധി **നീരജ് ലാൽ....**

(വോയിസ്)

**********************************

## KERALA NIYAMASABHA

പ്രതിപക്ഷ ബഹളത്തെ തുടർന്ന് നടപടികൾ വേഗത്തിലാക്കി കേരള നിയമസഭ ഇന്നലെ പിരിഞ്ഞു. അടുത്ത മാസം 3 ന് സഭ വീണ്ടും സമ്മേളിക്കും.

**********************************

## NATIONAL GAMES

38-ാമത് ദേശീയ ഗെയിംസ് സമാപന സമ്മേളനം ഇന്ന്. ഡറാഡൂണിലെ ഹൽദ്വാനി ഇന്ദിരാഗാന്ധി അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ വൈകിട്ട് നടക്കുന്ന സമാപന ചടങ്ങിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ

മുഖ്യാതിഥിയാകും. അടുത്ത ദേശീയ ഗെയിംസിന് അതിഥ്യം വഹിക്കുന്ന മേഘാലയ ഗെയിംസിൻറെ പതാക ഏറ്റുവാങ്ങും.

മത്സര ഇനങ്ങൾ ഇന്നലെ സമാപിച്ചപ്പോൾ സർവീസസ് ആണ് ഒന്നാം സ്ഥാനത്ത്. 14-ാം സ്ഥാനത്താണ് കേരളം.

***********************************

## TWENTY-20

വനിതാ പ്രീമിയർ ലീഗ് ട്വന്റി -20 ക്രിക്കറ്റിന്റെ മൂന്നാം സീസണ് ഇന്ന് ഗുജറാത്തിലെ വഡോദരയിൽ തുടക്കം. ഇന്ന് രാത്രി 7.30 ന് ഉദ്ഘാടന മത്സരത്തിൽ നിലവിലെ ചാമ്പ്യൻമാരായ ബെംഗളൂരു റോയൽ ചലഞ്ചേഴ്സ്, ഗുജറാത്ത് ജയന്റ്സിനെ നേരിടും.

***********************************

## ISL

ഐഎസ്എൽ ഫുട്ബോളിൽ ഇന്നലെ നടന്ന മത്സരത്തിൽ ജംഷഡ്പൂരിനെ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് പരാജയപ്പെടുത്തി. ഇന്ന് ഒഡീഷ, ഹൈദരാബാദിനെ നേരിടും. രാത്രി 7.30ന് ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിലാണ് മത്സരം.

***********************************

## PULWAMA DAY

കശ്മീരിലെ പുൽവാമയിൽ 40 സി.ആർ.പി.എഫ് സേനാംഗങ്ങൾ രക്തസാക്ഷിത്വം വരിച്ചിട്ട് ഇന്ന് ആറു വർഷം. 2019 ൽ ഇതേ ദിവസമാണ് ജമ്മു - ശ്രീനഗർ ദേശീയപാതയിലെ ഭീകരാക്രമണത്തിൽ സൈനികർ സൈനികർ വീരമൃത്യു വരിച്ചത്. ഇന്ന് ഡൽഹിയിലുൾപ്പെടെ വിവിധയിടങ്ങളിൽ

അനുസ്മരണ ചടങ്ങുകൾ നടക്കും. പുൽവാമയിലെ സ്മാരകത്തിൽ സി.ആർ.പി.എഫ് പ്രണാമമർപ്പിക്കും.

***************************************

## AERO INDIA

ബംഗളുരുവിൽ നടക്കുന്ന ഏഷ്യയിലെ ഏറ്റവും വലിയ എയ്റോ ഷോയായ എയ്റോ ഇന്ത്യയുടെ പതിനഞ്ചാമത് പതിപ്പിന് ഇന്ന് സമാപനം. ബംഗളൂരുവിൽ യെലഹങ്കയിലെ വ്യോമത്താവളത്തിലായിരുന്നു പ്രദർശനം.

***************************************

## JITENDRA PENSION ADALAT

പെൻഷൻകാരുടെ പരാതികൾക്ക് പരിഹാരം ഉറപ്പാക്കി അതിലൂടെ അവരുടെ ജീവിതം സുഗമമാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ്. ന്യൂഡൽഹിയിൽ 12-ാം മത് അഖിലേന്ത്യാ പെൻഷൻ അദാലത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പെൻഷൻകാരുമായും മന്ത്രി സംവദിച്ചു. വിവിധ മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും കീഴിൽ ദീർഘകാലമായി നിലനിന്നിരുന്ന പരാതികൾ പരിഹരിക്കുന്നതിനാണ് പെൻഷൻ അദാലത്ത് സംഘടിപ്പിച്ചത്.

***************************************

## JK-NATIONAL HIGHWAY

ജമ്മു കശ്മീർ മേഖലയിൽ ദേശീയ പാതകളുടെ വികസനത്തിനും അറ്റകുറ്റപ്പണികൾക്കുമായി കഴിഞ്ഞ 5 വർഷത്തിനിടെ കേന്ദ്ര സർക്കാർ 29,000 കോടി രൂപയിലധികം ചെലവഴിച്ചതായി കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി. 1,000 കിലോമീറ്ററിലധികം

ദൈർഘ്യമുള്ള റോഡുകൾ നിർമ്മിച്ചതായും അദ്ദേഹം പാർലമെന്റിനെ അറിയിച്ചു.

**********************************

## MADHAV BHATTATHIRI- DEATH

മെഡിക്കൽ ബയോ കെമിസ്ട്രി രംഗത്തെ പ്രമുഖ ശാസ്ത്രജ്ഞനും അധ്യാപകനും നൊബേൽ പുരസ്കാര ജൂറി അംഗവുമായിരുന്ന ചെങ്ങന്നൂർ ഇടവൂർ മഠത്തിൽ ഡോ.മാധവ ഭട്ടതിരി അന്തരിച്ചു. 97 വയസായിരുന്നു. ഏറെക്കാലമായി തിരുവനന്തപുരം പൈപ്പിൻമൂട് ആയിരുന്നു താമസം. 1985 ലെ കെമിസ്ട്രി നൊബേൽ സമ്മാന ജേതാവിനെ നിശ്ചയിക്കാനുള്ള അഞ്ചംഗ ജൂറിയിൽ അംഗമായിരുന്നു.

**********************************

## MAHAKUMBH - NAVNEET SEHGAL

പ്രയാഗ്‌രാജിൽ നിന്നുള്ള കുംഭവാണിയുടെ പ്രക്ഷേപണം കൃത്യവും വിശ്വസനീയവുമായ വിവരങ്ങൾ ജനങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണെന്ന് പ്രസാർ ഭാരതി ചെയർമാൻ നവനീത് സെഹ്‌ഗാൾ പറഞ്ഞു. കുംഭമേളയിലെ ത്രിവേണി സംഗമത്തിൽ പുണ്യസ്നാനം നടത്തിയ ശേഷം കുംഭവാണി റേഡിയോ സ്റ്റേഷനിലെ പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

**********************************

## AMRIT RAJESH

അമൃത് പദ്ധതിയിൽ കേരളത്തിന് 124.25 കോടി രൂപ കൂടി ലഭ്യമായതായി മന്ത്രി എം ബി രാജേഷ്. മൂലധന നിക്ഷേപത്തിനായുള്ള പ്രത്യേക പ്രോത്സാഹനമായാണ് തുക അനുവദിച്ചത്.

**********************************

## DRONE SURVEILLANCE

മനുഷ്യ- വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി വനാതിർത്തി പ്രദേശങ്ങളിലും സംഘർഷം കൂടുതലുള്ള ഹോട്സ്പോട്ടുകളിലും ഡ്രോൺ നിരീക്ഷണം തീവ്രമാക്കാൻ വനം വകുപ്പ് തീരുമാനിച്ചു.

********************************************************************

**********************************